©
കേരള സർക്കാർ
Government of Kerala
2020

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

വാല്യം 9
Vol. IX

തിരുവനന്തപുരം, ചൊവ്വ
Thiruvananthapuram, Tuesday

2020 നവംബർ 3
3rd November 2020
1196 തുലാം 18
18th Thulam 1196
1942 കാർത്തികം 12
12th Karthika 1942

നമ്പർ
No. 43

# PART III

# Co-operative Department

REGISTRATION CERTIFICATE

No. O(1)3353/2019. *24th August 2020.*

I do hereby certify in exercise of the powers conferred upon me under Section 7 of the Kerala Co-operative Societies Act, 1969 (Act 21 of 1969) that the following Society, the particulars which are furnished in the Categorical Statement is registered by me today as a Co-operative Society under the said Act, on the basis of limited liability and that the bye-laws of the under mentioned society are also hereby registered under the said Section.

**Categorical Statement**

1. Name and Number of the Society—Koru Assan Memorial Social Welfare Co-Operative Society Limited E1427 .
2. Date of Registration—24-8-2020.
3. Address— Vyttila P. O., Cochin 19.
4. Liability—Limited.
5. Area of Operation—Kanayannur Taluk in Ernakulam District
6. Main Object—To Promote Thrift, Self help, Mutual help and Co Operation among members.
7. Type of Society—Miscellaneous Societies-(1) Social Welfare Societies, as per Rule 15-12.(1).
8. Authorized Share Capital—₹ 1,00,00,000.
9. Maximum Borrowing Power—150 times of paid up Share Capital + Reserve Fund.

Office of the Joint Registrar of
Co-operative Societies (General), (Sd.)
Ernakulam. *Joint Registrar.*

Gaz. No. 43/2020/DTP (Co-operative).

### ക്ലെയിം നോട്ടീസ്

നമ്പർ കെ2-3070/2019. 2020 സെപ്റ്റംബർ 9.

കണ്ണൂർ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ 15-10-2019-ലെ 5853/2016/എ.ഇ.എൽ./കെ.ഡിസ്. നമ്പർ ഉത്തരവ് പ്രകാരം ക്ലിപ്തം നമ്പർ 1596 കണ്ണൂർ ജില്ലാ എഞ്ചിനീയറിംഗ് ആന്റ് ടെക്നിക്കൽ ലേബർ കോൺട്രാക്ട് സഹകരണ സംഘത്തിന്റെ പ്രവർത്തനം സമാപ്തീകരിക്കുന്നതിന് ലിക്വിഡേറ്ററായി കണ്ണൂർ-2 യൂണിറ്റ് ഇൻസ്പെക്ടറെ നിയമിച്ചിട്ടുണ്ട്. ടി സംഘത്തിൽ നിന്നും ആർക്കെങ്കിലും എന്തെങ്കിലും കിട്ടുവാനുണ്ടെങ്കിൽ ആയതിന്റെ അവകാശം രേഖാമൂലവും എന്തെങ്കിലും സംഘത്തിൽ ഒടുക്കുവാനുണ്ടെങ്കിൽ ആയതും ഈ നോട്ടീസ് തീയ്യതി മുതൽ 60 ദിവസത്തിനകം താഴെ ഒപ്പ് വെച്ചിരിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു. ഇത്തരത്തിൽ എന്തെങ്കിലും അവകാശങ്ങൾ നിശ്ചിത സമയത്തിനുള്ളിൽ ലഭിച്ചില്ലായെങ്കിൽ ആർക്കും യാതൊരുവിധ അവകാശവും ഇല്ല എന്ന നിഗമനത്തിൽ നിയമപ്രകാരമുള്ള മേൽ നടപടികൾ തുടരുന്നതാണെന്ന് ഇതിനാൽ സംഘാംഗങ്ങളെയും സംഘവുമായി ബന്ധപ്പെട്ടിട്ടുള്ളവരെയും അറിയിച്ചുകൊള്ളുന്നു.

(ഒപ്പ്)

| | |
|---|---|
| സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസ്, കണ്ണൂർ. | ലിക്വിഡേറ്റർ/ സഹകരണ സംഘം ഇൻസ്പെക്ടർ, കണ്ണൂർ-2 യൂണിറ്റ്. |

### കാസറഗോഡ് ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)-ടെ ഉത്തരവ്

നമ്പർ ഒ-607/2020. 2020 സെപ്റ്റംബർ 14.

വിഷയം:—ഹോസ്ദുർഗ്ഗ് താലൂക്ക് ഹണി പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 397—സമാപ്തീകരണം—ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നത്—സംബന്ധിച്ച്.

സൂചന:—(1) കേരള സഹകരണ നിയമം 66-ാം വകുപ്പ് പ്രകാരം നിയമിതനായ അന്വേഷണ ഉദ്യോഗസ്ഥനായ നീലേശ്വരം യൂണിറ്റ് ഇൻസ്പെക്ടറുടെ 10-8-2015-ലെ 3204/2014/എൻ നമ്പർ അന്വേഷണ റിപ്പോർട്ട്.

(2) ഈ ഓഫീസിലെ 14-1-2019-ലെ ഇതേ നമ്പർ നോട്ടീസ്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 23-3-2016-ലെ 3205/2014/എൻ നമ്പർ കത്ത്.

(4) ഈ ഓഫീസിലെ 28-10-2019 ലെ ഇതേ നമ്പർ ഉത്തരവ്.

(5) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗിന്റെ 10-2-2020-ലെ 1800/2019/യു നമ്പർ കത്ത്.

കാസറഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിൽ 18-4-2007-ൽ രജിസ്റ്റർ ചെയ്യുകയും 6-7-2007-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്ത സംഘം നിലവിൽ സംഘം നിയമാവലിയിലെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ പറയുന്ന യാതൊരു പ്രവർത്തനങ്ങളും നടത്തുന്നില്ല എന്ന് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ബോദ്ധ്യമായിട്ടുള്ളതായും സംഘത്തിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ ഉള്ള യാതൊരുവിധ സാധ്യതയും കാണുന്നില്ലെന്നും ആയതിനാൽ കേരള സഹകരണ നിയമം 71 (1) പ്രകാരം സംഘം സമാപ്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണെന്നും സൂചന (3) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ഹോസ്ദുർഗ്ഗ് ശുപാർശ ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംഘം പ്രവർത്തനം തുടർന്ന് നടത്തിക്കൊണ്ട് പോകുന്നതിനുള്ള സാധ്യത വിരളമാണന്ന് ബോധ്യമാകയാൽ 1969-ലെ കേരള സഹകരണ നിയമം 71 (1) വകുപ്പ് അനുസരിച്ച് സംഘം സമാപ്തീകരിക്കാതിരിക്കുവാൻ വല്ല കാരണവും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് 7 ദിവസത്തിനകം രേഖാമൂലം ബോധിപ്പിക്കണമെന്നും അല്ലാത്ത പക്ഷം മേൽ നടപടികൾ സ്വീകരിക്കുന്നതാണെന്നും കാണിച്ചുകൊണ്ട് സൂചന (2) പ്രകാരം സംഘത്തിന്റെ ഭരണസമിതി അംഗങ്ങൾക്ക് നോട്ടീസ് നൽകിയിരുന്നു. ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കണമെന്ന് കാണിച്ചുകൊണ്ട് കാസറഗോഡ് ജില്ലാ സഹകരണ ബാങ്ക്, ഹോസ്ദുർഗ്ഗ് താലൂക്ക് സർക്കിൾ സഹകരണ യൂണിയൻ എന്നിവർക്കും നോട്ടീസ് നൽകിയിരുന്നു. എന്നാൽ നിശ്ചിത സമയപരിധി കഴിഞ്ഞിട്ടും ആരും തന്നെ യാതൊരു ആക്ഷേപമോ അഭിപ്രായമോ അറിയിച്ചിരുന്നില്ല.

പ്രസ്തുത സാഹചര്യങ്ങൾ പരിഗണിച്ച് കേരള സഹകരണ നിയമം വകുപ്പ് 71 (സി) അനുസരിച്ച് ഹോസ്ദുർഗ്ഗ് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ ഉദുമ യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. രഞ്ജിത്ത്, പി. വി.-യെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ച് സൂചന (4) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ ഹോസ്ദുർഗ്ഗ് താലൂക്കിനെ വിഭജിച്ചപ്പോൾ ടി സംഘത്തിന്റെ ഓഫീസ് പ്രവർത്തിച്ചിരുന്ന സംഘം ഉൾപ്പെടെ വെള്ളരിക്കുണ്ട് താലൂക്കിന്റെ ഭാഗമായി മാറിയിട്ടുണ്ടെന്നും നിലവിൽ ടി സംഘവുമായി ബന്ധപ്പെട്ട ഭരണപരമായ കാര്യങ്ങൾ നിർവ്വഹിച്ചുപോരുന്നത് വെള്ളരിക്കുണ്ട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ഓഫീസിൽ നിന്നുമാണ് എന്നും, ആയതിനാൽ തന്നെ ലിക്വിഡേഷൻ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് വെള്ളരിക്കുണ്ട് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)-ന് കീഴിലുള്ള ഉദ്യോഗസ്ഥനെ ടി സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിക്കുന്നതാണ് ഉചിതമെന്നും, ഹോസ്ദുർഗ്ഗ് സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സൂചന (5) പ്രകാരം തുടർനടപടികൾക്കായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഈ സാഹചര്യത്തിൽ 1969-ലെ കേരള സഹകരണ നിയമം 71 വകുപ്പ് അനുസരിച്ച് എന്നിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരം ഉപയോഗിച്ച് താഴെ പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

#### ഉത്തരവ്

1. ഹോസ്ദുർഗ്ഗ് താലൂക്ക് ഹണി പ്രൊഡക്ഷൻ ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ എസ്. 397-ന്റെ സമാപ്തീകരണത്തിനായി കേരള സഹകരണ നിയമം 71 (1)-ാം വകുപ്പ് പ്രകാരം വെള്ളരിക്കുണ്ട് താലൂക്ക് ജനറൽ വിഭാഗം സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ ഓഫീസിലെ വെള്ളരിക്കുണ്ട് യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. സുനിൽകുമാർ, വി.-യെ സംഘത്തിന്റെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഉത്തരവാകുന്നു.

2 ലിക്വിഡേറ്റർ 72 (2) വകുപ്പ് പ്രകാരം സംഘത്തിന്റെ എല്ലാ റിക്കാർഡുകളുടെയും ആസ്തികളുടെയും ചാർജ്ജ് ഉടനെ ഏറ്റെടുക്കേണ്ടതും സംഘം പ്രവർത്തനം സമാപ്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3. ലിക്വിഡേറ്റർ ചാർജെടുത്ത വിവരം യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)

| | |
|---|---|
| സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസ്, കാസർഗോഡ്. | സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) (ഇൻചാർജ്ജ്). |